## നിയമവിരുദ്ധമായി ശേഖരിച്ച നികുതിപ്പണം സർക്കാരിലേക്ക് കണ്ടുകെട്ടാം

## കേരള ഹൈക്കോടതി

S.T. Rev. No. 2/2017 Dt. 8.11.2018

സ്റ്റേറ്റ് ഓഫ് കേരള

x

ഭാരതി എയർട്ടെൽ ലിമിറ്റഡ്

മൊബൈൽ ഫോൺ സേവനം പ്രദാനം ചെയ്യുന്ന കമ്പനിയുടെ പലവിധ വരുമാനങ്ങളിൽ ഒന്നാണ് സിം കാർഡ് വില്പനയിൽ നിന്നു ലഭിക്കുന്ന ആദായം. ഉപഭോക്താക്കൾക്ക് സിം കാർഡ് വില്ക്കുമ്പോൾ കാർഡിന്റെ വിലയും മൊബൈൽ സേവനം പ്രവർത്തനക്ഷമമാക്കുന്നതിന്റെ വിലയും ഉപഭോക്താക്കളിൽ നിന്ന് വസൂലാക്കിയിരുന്നു. പ്രസ്തുത സംഖ്യയുടെ നിശ്ചിത ശതമാനം വില്പന നികുതിയായും ഉപഭോക്താക്കളിൽ നിന്ന് പിരിച്ചെടുത്തിരുന്നു. കമ്പനി ഇപ്രകാരം ചെയ്തത് ഹൈക്കോടതിയുടെ തീർപ്പനുസരിച്ചായിരുന്നു. ഹൈക്കോടതിയുടെ ബന്ധപ്പെട്ട വിധിക്കെതിരെ സമർപ്പിക്കപ്പെട്ട അപ്പീലിൽ സിം കാർഡ് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള വില സിം കാർഡിന്റെ വിലയായി കാണാനാവില്ലെന്ന് സുപ്രീം കോടതി പ്രഖ്യാപിച്ചിട്ടുണ്ട്. അതിനാൽ സിം കാർഡ് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള വില വില്പന നികുതിക്കു വിധേയമല്ലെന്നും സുപ്രീം കോടതി വ്യക്തമാക്കി. ചരക്കുകളുടെ വില്പനക്കു മാത്രമേ വില്പന നികുതി ഈടാക്കാനാവൂ എന്ന കാരണത്താലാണ് സുപ്രീം കോടതി അപ്രകാരം വിധിച്ചത്. സിം കാർഡ് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള വില സേവനത്തിന്റെ വില മാത്രമാണെന്നും സുപ്രീം കോടതി ചൂണ്ടിക്കാട്ടി. അപ്രകാരമിരിക്കെ 2002 മുതൽ 2005 വരെയുള്ള കണക്കുകൾ കമ്പനി നികുതി നിർണ്ണയ ഉദ്യോഗസ്ഥന് സമർപ്പിച്ചു. സിം കാർഡിന്റെയും സിം കാർഡ് പ്രവർത്തനക്ഷമമാക്കുന്നതിന്റെയും വിലയിന്മേൽ ഉപഭോക്താക്കളിൽ നിന്ന് നികുതി ഈടാക്കിയിട്ടുണ്ടെന്നും അത് നിയമവിരുദ്ധമാണെന്നും നികുതി നിർണ്ണയ ഉദ്യോഗസ്ഥൻ വിലയിരുത്തി. സിംകാർഡ് പ്രവർത്തനക്ഷമമാക്കുന്നതിന്റെ വിലയിന്മേൽ ഉപഭോക്താക്കളിൽ നിന്ന് ഈടാക്കിയ നികുതി സർക്കാരിലേക്ക് കണ്ടുകെട്ടണമെന്ന് നികുതി നിർണ്ണയ ഉദ്യോഗസ്ഥൻ ഉത്തരവിട്ടു. ഇതിനെതിരെ കമ്പനി അപ്പലേറ്റ് ട്രൈബ്യൂണലിൽ അപ്പീൽ സമർപ്പിച്ചു. ഉപഭോക്താക്കളിൽ നിന്ന് കമ്പനി നികുതി പിരിച്ചത് ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലാണെന്ന് കണ്ട ട്രൈബ്യൂണൽ കമ്പനി നിയമവിരുദ്ധമായി നികുതി പിരിച്ചെട്ടില്ലെന്ന് പ്രഖ്യാപിക്കുകയും പിരിച്ചെടുത്ത നികുതി കണ്ടുകെട്ടാൻ സർക്കാരിന് അധികാരമോ അവകാശമോ ഇല്ലെന്ന് വിധിക്കുകയും ചെയ്തു. ഇതിനെതിരെ സർക്കാർ ഹൈക്കോടതിയിൽ പുനരവലോകന ഹർജി സമർപ്പിച്ചു. ഈ വിഷയം സംബന്ധിച്ച് ഹൈക്കോടതിയുടെ രണ്ട് വ്യത്യസ്ത ബഞ്ചുകൾ പരസ്പര വിരുദ്ധ വിധികൾ പുറപ്പെടുവിച്ചിട്ടുണ്ടെന്നു കണ്ട മറ്റൊരു ഡിവിഷൻ ബഞ്ച് കേസ് ഫുൾ ബഞ്ചിന്റെ പരിഗണനക്കു വിട്ടു. ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ പിരിച്ചെടുത്തതാണെങ്കിലും അത് തെറ്റാണെന്ന് സുപ്രീം കോടതി വിധിച്ചതിനാൽ കമ്പനി ഉപഭോക്താക്കളിൽ നിന്ന് പിരിച്ചെടുത്ത തുക നിയമവിരുദ്ധമായ നികുതിപ്പണമാണെന്ന് ഫുൾ ബഞ്ച് വിലയിരുത്തി. നികുതിയെന്ന വ്യാജേന ഉപഭോക്താക്കളിൽ നിന്ന് പിരിച്ചെടുത്ത സംഖ്യ സർക്കാരിലേക്ക് കണ്ടുകെട്ടാമെന്ന് ഫുൾ ബഞ്ച് വ്യക്തമാക്കി. നിയമവിരുദ്ധമായി പിരിച്ചെടുത്ത നികുതിപ്പണം ഉപഭോക്താക്കൾക്ക് തിരിച്ചു നല്കിയാൽ മാത്രമേ സർക്കാർ കണ്ടുകെട്ടിയ പണം കമ്പനിക്ക് തിരിച്ചുവാങ്ങാൻ സാധിക്കൂ എന്നും വ്യക്തമാക്കിയ ഫുൾ ബഞ്ച് കേസ് ഡിവിഷൻ ബഞ്ചിലേക്ക് തിരിച്ചയച്ചു.